(ഇ) സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകളിൽ മാത്രമേ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നുള്ളൂ. പി. എസ്. സി. ലിസ്റ്റ് നിലവിലില്ലാത്തതിനാലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ആവശ്യമായ മെഡിക്കൽ ഓഫീസർമാരെ ലഭ്യമല്ലാത്തതിനാലുമാണ് ഇപ്രകാരം നിയമനം നടത്തുന്നത്.

തൊഴിൽ തർക്കങ്ങൾ പരിഹരിക്കാൻ നടപടി

36 [2688] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ലേബർ കമ്മീഷണറുടെ അനുരഞ്ജനശ്രമം പരാജയപ്പെട്ടതിനെ തുടർന്ന് പരിഹരിക്കാത്ത എത്ര തൊഴിൽത്തർക്കങ്ങൾ നിലവിലുണ്ട്;

(ഡി) തൊഴിൽ തർക്കങ്ങൾ നിലനിൽക്കുന്ന സ്ഥാപനങ്ങളിൽ എത്ര തൊഴിലാളികൾ വീതമാണുള്ളത്;

(ഇ) എത്ര കാലമായി തർക്കങ്ങൾ നിലനിൽക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത തൊഴിൽ തർക്കങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇത്തരം കേസുകൾ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ അനുരഞ്ജന ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ;

(എച്ച്) സർക്കാർ തലത്തിൽ നടത്തിയ ചർച്ചയെത്തുടർന്ന് 2 വർഷത്തിനുള്ളിൽ എത്ര തർക്കങ്ങൾ പരിഹരിക്കാൻ കഴിഞ്ഞുവെന്നും അവ ഏതൊക്കെയാണെന്നും വിശദീകരിക്കാമോ; എത്ര തർക്കങ്ങൾ പരിഹരിക്കാൻ കഴിഞ്ഞുവെന്നും അവ ഏതൊക്കെയാണെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) രണ്ട്.

(ബി) കൊല്ലം: ജോയിന്റ് ലേബർ കമ്മീഷണർ - 1
എറണാകുളം: ജില്ലാ ലേബർ ഓഫീസർ- 1

LIBRARY ARCHIVES Kerala Legislative Assembly

(സി) 31-3-2003-ലെ കണക്കനുസരിച്ച്, ലേബർ കമ്മീഷണറുടെ അനുരഞ്ജന ശ്രമം പരാജയപ്പെട്ടതിനെ തുടർന്ന്, സംസ്ഥാനത്തെ വിവിധ ലേബർ കോടതികളിലും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളിലുമായി ആകെ 3380 തൊഴിൽത്തർക്കങ്ങൾ നിലവിലുണ്ട്.

(ഡി) ലേബർ കമ്മീഷണർ മുഖേന അനുരഞ്ജനം നടന്നുവരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിവരം ഉടനെ ശേഖരിച്ചു നൽകുന്നതാണ്.

(ഇ) രണ്ടു വർഷത്തിലധികം കാലമായി തൊഴിൽത്തർക്കങ്ങൾ നിലനിൽക്കുന്നു.

(എഫ്) ഉണ്ട്.

(ജി) സർക്കാർ മുഖേന അനുരഞ്ജന ശ്രമം നടന്നുവരുന്നു.

(എച്ച്) കൃത്യമായ വിവരം ശേഖരിച്ചു നൽകുന്നതാണ്.

കെ. എസ്. ആർ. ടി. സി.-യുടെ കടം

37 [2689] ശ്രീ. വി. ഡി. സതീശൻ:
„ എ. സുജനപാൽ:
„ എം. എ. ചന്ദ്രശേഖരൻ:
„ എ. പി. അനിൽകുമാർ:

ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് കെ. എസ്. ആർ. ടി. സി. എന്തു തുകയുടെ ബാദ്ധ്യത സൃഷ്ടിച്ചു;

(ബി) എന്താവശ്യങ്ങൾക്കായിരുന്നു ഇതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കടം തിരിച്ചടയ്ക്കുന്നതിന്റെ ഭാഗമായി മുതൽ, പലിശ ഇനത്തിൽ എന്തുതുക കൊടുത്തുതീർത്തു; ഇനി എന്തുതുക കൊടുത്തുതീർക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 4/2001 വരെയുള്ള കണക്കുകൾ പ്രകാരം കെ. എസ്. ആർ. ടി. സി.-ക്ക് 135.16 കോടി രൂപയുടെ കടമുണ്ട്.

(ബി) ബസ്സുകൾ വാങ്ങാനും, അടിസ്ഥാന സൗകര്യ വികസനങ്ങൾക്കും കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും ശമ്പളം കൊടുക്കുന്നതിനും ഡീസൽ ചാർജ് കൊടുക്കുന്നതിനും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കും വേണ്ടിയാണ് കടമെടുത്തിട്ടുള്ളത്.

(സി) കടം തിരിച്ചടയ്ക്കുന്നതിന്റെ ഭാഗമായി മുതലും പലിശയും കൂടി 104 കോടി 44 ലക്ഷം രൂപ അടച്ചുതീർത്തിട്ടുണ്ട്. (മുതൽ 82.93 കോടി, പലിശ 21.51 കോടി) 52 കോടി 23 ലക്ഷം രൂപ ഇനി കൊടുത്തുതീർക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly